കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള റിയൽ എസ്റ്റേറ്റ് റഗുലേറ്ററി അതോറിറ്റിയുടെ പ്രവർത്തനത്തിനായി സൃഷ്ടിച്ച തസ്തികകൾ- കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള റിയൽ എസ്റ്റേറ്റ് റഗുലേറ്ററി അതോറിറ്റി ചെയർമാനേയും അംഗങ്ങളെയും നിയമിക്കുന്നതുവരെ തുടരുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐബി) വകുപ്പ്

സ.ഉ.(കൈ) നം. 106/2019/തസ്വഭവ തിരുവനന്തപുരം, തീയതി, 16.08.2019.

പരാമർശം: - 1. 25.02.2016 ലെ സ.ഉ.(കൈ) നം.40/2016/തസ്വഭവ
2. 18.06.2018 ലെ സ.ഉ.(അച്ചടി) നം. 46/2018/തസ്വഭവ

**ഉത്തരവ്**

2015 ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ഓർഡിനൻസ് പ്രകാരം രൂപീകരിക്കപ്പെട്ട കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) അതോറിറ്റിയിൽ ചുവടെപ്പറയുന്ന തസ്തികകൾ സൃഷ്ടിച്ചു കൊണ്ട്പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

| ക്രമ നം | തസ്തിക | എണ്ണം | ശമ്പള സ്കെയിൽ (രൂപയിൽ) (പ്രീ റിവൈസ്ഡ്) |
|---|---|---|---|
| 1 | സെക്രട്ടറി (ടെക്നിക്കൽ & അഡ്മിനിസ്ട്രേഷൻ) | 1 | 44,640-58,640 |
| 2 | സെക്രട്ടറി (ലീഗൽ) | 1 | 44,640-58,640 |
| 3 | ഡെപ്യൂട്ടി ഡയറക്ടർ (ടെക്നിക്കൽ)/ഡെപ്യൂട്ടി ടൗൺ പ്ലാനർ | 2 | 21,240-37,040 |
| 4 | ക്ലർക്ക് | 2 | 9,940-16,580 |
| 5 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-II | 1 | 10,480-18,300 |
| 6 | ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് | 1 | 9,940-16,580 |
| 7 | ഓഫീസ് അറ്റന്റന്റ് ഗ്രേഡ് - II | 1 | 8,500-13,210 |
| ആകെ | | 9 | |

2) പ്രസ്തുത തസ്തികകളിൽ ക്ലർക്ക്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II, ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്, ഓഫീസ് അറ്റന്റന്റ് ഗ്രേഡ് II എന്നീ തസ്തികകളിലേക്ക് ദിവസവേതനാടിസ്ഥാനത്തിലും സെക്രട്ടറി (ടെക്നിക്കൽ & അഡ്മിനിസ്ട്രേഷൻ), സെക്രട്ടറി (ലീഗൽ), ഡെപ്യൂട്ടി ഡയറക്ടർ (ടെക്നിക്കൽ)/ ഡെപ്യൂട്ടി ടൗൺ പ്ലാനർ എന്നീ തസ്തികകളിലേക്ക് നഗരഗ്രാമാസൂത്രണ വകുപ്പിൽ / നിയമ വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും നിയമനം നടത്തുന്നതിനും പരാമർശം (1) ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു.

3) റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്ട്, 2016 (Central Act 16 of 2016) നിലവിൽ വന്നതോടുകൂടി 2015- ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്ട്, റദ്ദാക്കപ്പെട്ടിട്ടുള്ളതും അതേത്തുടർന്ന് കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) അതോറിറ്റി പ്രവർത്തനം നിലച്ചിട്ടുള്ളതുമാണ്. റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) നിയമം, 2016 - ലെ 20 (1) വകുപ്പ് പ്രകാരം ആക്ട് നിലവിൽ വന്ന് ഒരു വർഷത്തിനുള്ളിൽ അതാത് സർക്കാർ 'Real Estate Regulatory Authority' രൂപീകരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാലും അപ്രകാരം അതോറിറ്റി രൂപീകരിക്കുന്നതിന് തുടർ നടപടികൾ പുരോഗമിക്കുന്നതുമായ സാഹചര്യത്തിൽ, ചെയർമാനും അംഗങ്ങളും നിയമിക്കപ്പെടുന്നതുവരെ സൂചന (1) പ്രകാരം സൃഷ്ടിച്ച തസ്തികകൾ തുടരുന്നതിന് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ടി. കെ. ജോസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ജി &എസ്.എസ്.എ)/ (ഇ &ആർ.എസ്.എ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
നിയമ വകുപ്പ്
ഭവന വകുപ്പ്
ധനകാര്യ വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ